
# കുരുമുളക് ഇറക്കുമതി: മിനിമം ഇൻവോയ്സ് വില കിലോഗ്രാമിന് 500 രൂപ

**റോസമ്മ ചാക്കോ**

കൊച്ചി • ഇറക്കുമതി ചെയ്യാവുന്ന കുരുമുളകിന്റെ മിനിമം ഇൻവോയ്സ് വില കിലോഗ്രാമിന് 500 രൂപയാക്കി നിലനിർത്തിയും ഇറക്കുമതി ചെയ്തു മൂല്യവർധിത ഉൽപന്നങ്ങളാക്കി കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഇളവനുവദിച്ചും കേന്ദ്ര വാണിജ്യമന്ത്രാലയം പുതിയ ഉത്തരവിറക്കി.

നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലദേശ് എന്നിവിടങ്ങളിൽ നിന്നുള്ള കുരുമുളകിന്റെ അനധികൃത കടത്ത് നാടൻ കുരുമുളകിന്റെ വിലയിൽ പ്രത്യാഘാതമുണ്ടാക്കുന്നുണ്ടെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണു കേന്ദ്രസർക്കാർ കയറ്റിറക്കുമതി നയ ഭേദഗതിക്കു മുതിർന്നത്. വില, ഇൻഷുറൻസ്, ചരക്കുകൂലി എന്നിവ ഉൾപ്പെടുന്ന 'സിഐഎഫ്' കിലോഗ്രാമിന് 500 രൂപയിൽ കുറവുള്ള കുരുമുളകിന്റെ ഇറക്കുമതി വിലക്കി 2018 മാർച്ച് 21നു വിദേശ വ്യാപാര ഡയറക്ടർ ജനറൽ (ഡിജിഎഫ്ടി) ഉത്തരവിറക്കിയിരുന്നു. എന്നാൽ ഏതാനും കയറ്റിറക്കുമതി സ്ഥാപനങ്ങൾ ഹൈക്കോടതിയിൽ നിന്നു കഴിഞ്ഞയാഴ്ച സ്റ്റേ വാങ്ങി. ഇതിനു ശേഷമാണു വിദേശ വ്യാപാര ഡയറക്ടർ ജനറൽ പുതിയ ഉത്തരവിറക്കിയത്.

കയറ്റുമതിയധിഷ്ഠിത ഇറക്കുമതി സ്ഥാപനങ്ങൾക്കു കർശന നിയന്ത്രണങ്ങളോടെ മിനിമംവില വ്യവസ്ഥയിൽ ഇളവ് അനുവദിച്ചിട്ടുണ്ടെന്നതാണു മുൻ ഉത്തരവിൽ നിന്നുള്ള വ്യത്യാസം. നൂറു ശതമാനവും കയറ്റുമതിയധിഷ്ഠിതമായ ഇറക്കുമതി സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുമെന്നും സ്റ്റോക്ക്-ഉൽപാദന കണക്ക് മാസംതോറും സ്പൈസസ് ബോർഡിനു സമർപ്പിക്കണമെന്നും മറ്റുമുള്ള വ്യവസ്ഥകൾക്കു വിധേയമായാണ് ഇളവ്.



നിലവാരം കുറഞ്ഞ കുരുമുളക് എത്തുന്നതു തടയാനും ആഭ്യന്തര വിപണിയിൽ വില സ്ഥിരത ഉറപ്പാക്കാനും 2017 ഡിസംബറിൽ തന്നെ മിനിമം ഇറക്കുമതിവില നിശ്ചയിച്ചെങ്കിലും വില കുറഞ്ഞ കുരുമുളക് തുടർന്നും എത്തുന്നതായി ആക്ഷേപമുയർന്ന സാഹചര്യത്തിലാണു നയഭേദഗതി പരിഗണിച്ചത്.

## ശ്രീലങ്കൻ കുരുമുളകിന് ഇറക്കുമതി നിരോധനം

ന്യൂഡൽഹി • നിലവാരം കുറഞ്ഞ കുരുമുളക് ശ്രീലങ്കയിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിനു നിരോധനമേർപ്പെടുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനമിറക്കി. കിലോഗ്രാമിന് 500 രൂപയിൽ താഴെ വിലയുള്ള കുരുമുളക് ഇറക്കുമതി ചെയ്യുന്നതിനാണു വിലക്ക്.

ജോയ്സ് ജോർജ് എംപിയുടെ ആവശ്യം കണക്കിലെടുത്താണു കേന്ദ്രമന്ത്രി സുരേഷ് പ്രഭുവിന്റെ നടപടി. ശ്രീലങ്കയിൽ നിന്നു കുരുമുളക് ഇറക്കുമതി ചെയ്യാൻ ഇരു രാജ്യങ്ങളും കരാറിലേർപ്പെട്ടിരുന്നു. ഇതിന്റെ മറവിൽ നിലവാരമില്ലാത്ത കുരുമുളക് ആഭ്യന്തര വിപണിയിലെത്തിയതിനു പിന്നാലെയാണു നിയമഭേദഗതി കൊണ്ടുവന്നത്. എന്നാൽ, ഇറക്കുമതി മേഖലയിൽ പ്രവർത്തിക്കുന്നവർ ഇതിനെതിരെ കോടതിയെ സമീപിച്ചു കഴിഞ്ഞ 19നു സ്റ്റേ നേടി. ഇത് കർഷകരെ ദുരിതത്തിലാക്കുമെന്നു കഴിഞ്ഞ ദിവസം ലോക്സഭയിൽ ജോയ്സ് ചൂണ്ടിക്കാട്ടിയിരുന്നു.